"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്-പട്ടണക്കാട് ഐ.സിഡി.എസ് പ്രോജക്ടിലെ അങ്കണവാടി കെട്ടിടങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ വാടക അനുവദിക്കുന്നത്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.132/2024/WCDD തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:- 1. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 22.07.2023, 22.03.2024 തീയതികളിലെ DWCD/6653/2022-ICDSB5 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ICDS പ്രൊജക്റ്റിലെ 50 അങ്കണവാടികളുടെ 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള അങ്കണവാടി കെട്ടിട വാടകയായ 2,46,500/- രൂപ അനുവദിക്കുന്നതിനുള്ള ബില്ല് ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ മാറി നൽകാൻ സാധിച്ചിരുന്നില്ല, കൂടാതെ 2021-22 സാമ്പത്തിക വർഷം 11 അങ്കണവാടി കെട്ടിടങ്ങളുടെ വാടക അംഗീകരിച്ചു ലഭിക്കുന്നതിൽ വന്ന താമസം കാരണം അനുവദിക്കാൻ സാധിച്ചിരുന്നില്ലെന്നും ടി അങ്കണവാടികളുടെ വാടക തുകയായ 51,000 രൂപ ചേർത്ത് പട്ടണക്കാട് ഐസിഡിഎസ് പ്രോജക്ടിന് പരിധിയിലെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 61 അങ്കണവാടികളുടെ 10/2021 മുതൽ 2/2022 വരെയുള്ള അങ്കണവാടി കെട്ടിട വാടക തുകയായ 2,97,500 രൂപ അനുവദിച്ചു നൽകണമെന്ന് ആലപ്പുഴ ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർ അഭ്യർത്ഥിച്ചിട്ടുള്ളതായും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) പട്ടണക്കാട് ICDS പ്രോജക്റ്റിലെ 61 അങ്കണവാടികളുടെ 10/2021 മുതൽ 2/2022 വരെയുള്ള വാടക വാടക നൽകേണ്ടത് അനിവാര്യമാണെന്നും അല്ലാത്തപക്ഷം കെട്ടിടം ഉടമകൾ അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിനായി കെട്ടിടം നൽകാത്ത അവസ്ഥ ഉണ്ടാകും എന്നതിനാൽ വാടക സമയബന്ധിതമായി മാറി നൽകാത്ത CDPO യുടെ നടപടി മാപ്പാക്കണമെന്നും, ടി വിഷയത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ശിശു വികസന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് Additional State Assistance ആയി അനുവദിച്ചിട്ടുള്ള 2235-02-102-18-05 ശീർഷകത്തിൽ നിന്നും 2,97,500 (രണ്ടു ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ അനുവദിച്ചു നൽകണമെന്ന് പരാമർശം (1) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടണക്കാട് ICDS പ്രോജക്റ്റിന് കീഴിലെ 61 അങ്കണവാടികളുടെ 10/2021 മുതൽ 2/2022 വരെയുള്ള വാടക

അനുവദിക്കുന്നതിനായി 2,97,500 (രണ്ടു ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ, തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ് എന്ന വ്യവസ്ഥയോടെ, 2235-02-102-18-05 ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ.M.S.
അണ്ടർ സെക്രട്ടറി

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-1/266/2023-FIN)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 27-03-2024 16:13:12
സെക്ഷൻ ഓഫീസർ